# ദൈവ വചനത്തിൻറെ മിന്നൽ വെളിച്ചം ഇരുളടഞ്ഞ മൂലകളിൽ പ്രകാശിക്കട്ടെ

സാക് പുന്നൻ

WFTW 30 ഒക്ടോബർ 2016

ദൈവത്തിൻറെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്ന ഒരു സഭയെ പണിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, ഓരോ മേഖലയിലും നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യം അന്വേഷിക്കണം. നിങ്ങളുടെ വ്യക്തി ജീവിതത്തിൽ, വല്ലപ്പോഴും ഒരിക്കലല്ല, എന്നാൽ നാൾ തോറും നിങ്ങളെ ജയോൽസവം ആയി നിങ്ങളെ നടത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. അത് നിങ്ങളുടെ ശക്തിയിൽ ആയിരിക്കയില്ല. ദൈവം തന്നെ നിങ്ങളെ ക്രിസ്തുവിൽ ജയോൽസവമായി നടത്തും എല്ലായ്പ്പോഴും. ദൈവത്തിൻറെ ഒരു യഥാർത്ഥ ദാസന് ഇപ്രകാരം സാക്ഷിക്കുവാൻ കഴിയും, ' ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോൽസവമായി നടത്തുകയും, എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തൻറ പരിജ്ഞാനത്തിൻറെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്ത്രോത്രം'( 2 കൊരി 2: 14). പൗലൊസ് പോയി ഇടങ്ങളിലെല്ലാം തന്നിലൂടെ പുറത്തുവന്ന ക്രിസ്തുവിൻറെ സൗരഭ്യ വാസന ഇതായിരുന്നു അവൻറെ സ്വന്തം സൗരഭ്യ വാസനയല്ല. അങ്ങന സകല മഹത്വവും ദൈവത്തിന് തന്നെ ലഭിച്ചു.

എന്നാൽ ചില ആളുകൾക്ക്, പൗലൊസ് മരണത്തിൻറെ വാസന ആയിരുന്നു( 2 കൊരി 2: 16). സമ്പൂർണ്ണ സുവിശേഷത്തിൻറെ സന്ദേശം അല്ലാവർക്കും അഭികാമ്യമല്ല. വിജയത്തിൻറെ സന്ദേശം കേൾക്കുന്നത് എല്ലാവർക്കും സന്തോഷമാണ് എന്നാണ് ചിലർ ചിന്തിക്കുന്നത്. എന്നാൽ മിക്കവരും ഈ സന്ദേശം ഇഷ്ടപ്പെടുന്നില്ല, കാരണം അതവരുടെ പാപത്തെ പുറത്തു കാട്ടുന്നു.

ദൈവത്തിൻറെ ജീവൻ വെളിപ്പെടുത്തിക്കൊണ്ട് യേശു വന്നപ്പോൾ, അനേകർ അവിടുത്തെ വെറുക്കുകയും മരണത്തിന് ഏൽപ്പിക്കുകയും ചെയ്തു. ഇന്നത്തെ പല ക്രിസ്തീയ നേതാക്കളും ഇതുപോലെയാണ്. നിരന്തരമായ ജയജീവിതത്തിൻറെ സന്ദേശത്താൽ അവരുടെ പണസ്നേഹം, സ്ഥാനമാനങ്ങളോടുള്ള സ്നേഹം, ഭവനത്തിലെ അവരുടെ പരാജിത ജീവിതം ഇവയെല്ലാം തുറന്നു കാട്ടപ്പെടുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നിങ്ങൾ ആ സന്ദേശം പ്രഘോഷിച്ചാൽ അവർ നിങ്ങളെ വെറുക്കും. അവർ നിങ്ങളെ വെറുക്കുന്നതിന് കാരണം നിങ്ങൾ അവരുടെ പാപങ്ങളുടെ മേൽ ഒരു വെളിച്ചം പ്രകാശിപ്പിക്കുന്നു എന്നതാണ്. ആരെങ്കിലും ഒരാൾ ഒരു കവർച്ച നടത്തിക്കൊണ്ടിരിക്കുമ്പോൾ നിങ്ങൾ അവൻറെ മേൽ ഒരു മിന്നൽ വെളിച്ചം പ്രകാശിപ്പിച്ചാൽ, അവൻ നിങ്ങളെ വെറുക്കും.

ദൈവത്തിൻറെ ഒരു യഥാർത്ഥ ദാസൻ ആളുകളുടെ ഹൃദയങ്ങളിലെ ഇരുണ്ട മൂലകളിലേക്ക് ദൈവവചനത്തിൻറെ മിന്നൽ വെളിച്ചം പ്രകാശിപ്പിക്കുന്നു. പാപത്തെ സ്നേഹിക്കുന്നവർ അയാളെ വെറുക്കുകയും ഒരു കള്ള പ്രവാചകനെന്നും ദൈവനിഷേധിയെന്നും അയാളെ വിളിക്കുകയും ചെയ്യും കാരണം അദ്ദേഹം അവരുടെ പാപങ്ങളെ തുറന്നുകാട്ടുന്നു. എന്നാൽ സുരക്ഷിതമായ പാത കണ്ടെത്തുന്നതിനായി ഇരുട്ടിൽ തപ്പുന്നവർ അദ്ദേഹത്തോട് നന്ദി ഉള്ളവരായിരിക്കും, കാരണം ഇപ്പോൾ അവർക്ക് വഴി കാണാൻ കഴിയുന്നു. അതുകൊണ്ട് വെളിച്ചത്തോടുള്ള പ്രതികരണങ്ങൾ രണ്ടു വിധത്തിലാണ്. ചിലർ അതിനെ വെറുക്കുകയും മറ്റ് ചിലർ അതിനോട് അഗാധമായ നന്ദിയുള്ളവർ ആയിരിക്കുകയും ചെയ്യുന്നു. യേശു നമ്മെ പരിശുദ്ധാത്മാവിന്ൽ നിറയ്ക്കുകയും അവിടുത്തെ ശക്തിയും അവിടുത്തെ ജയവും നമ്മിലൂടെ എല്ലായിടത്തും വെളിപ്പെടുത്തുകയും ചെയ്യുന്നു. ചിലർ നമ്മോട് നന്ദിയുള്ളവർ

ആയിരിക്കുകയും മറ്റുള്ളവർ നമ്മെ വെറുക്കുകയും ചെയ്യും. എന്നാൽ അതിലൂടെ ഓരോ വ്യക്തിയുടേയും യഥാർത്ഥ അവസ്ഥ വെളിപ്പെട്ടു വരും.

2 കൊരി 2: 17, എല്ലാ ക്രിസ്തീയ പ്രവർത്തകരും ശ്രദ്ധിക്കേണ്ട ഒരു വചനമാണ്; ‘ ഞങ്ങൾ, ദൈവവചനത്തിൽ മായം ചേർത്ത് കച്ചവടം ചെയ്യുന്ന അനേകരെപ്പോലെ അല്ല ‘. ‘ ദൈവവചനത്തിൽ മായം ചേർത്ത് കച്ചവടം ചെയ്യുക‘ എന്നാൽ അത് പണത്തിന് വേണ്ടി വിൽക്കുക എന്നാണ്. പൗലൊസ് പറയുന്നത് ‘ ദൈവവചനം പ്രസംഗിക്കുന്നതിലൂടെ പണമുണ്ടാക്കുന്ന മറ്റ് പ്രാസംഗികരപ്പോലെയല്ല ഞങ്ങൾ‘ എന്നാണ്. കർത്താവിനെ സേവിക്കുന്ന എല്ലാവർക്കും തങ്ങളുടെ ജീവിതാവസാനത്തിൽ ഇപ്രകാരം പറയാൻ കഴിയണം. ‘ എൻറെ ജീവിതത്തിൽ പണസമ്പാദനത്തിനായി ദൈവവചനം പ്രസംഗിച്ചുകൊണ്ട് ഒരു ദിവസം പോലും ഞാൻ ചെലവഴിച്ചിട്ടില്ല‘. പച്ചക്കറി വിൽക്കുന്നവരും ഭൗതികവസ്തുക്കളുടെ കച്ചവടക്കാരും അവരുടെ സാധനങ്ങൾ പണത്തിന് വിൽക്കട്ടെ. എന്നാൽ ഞങ്ങൾ ദൈവവചനം പണത്തിന് വിൽക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരിൽ നിന്ന്, ഞങ്ങളുടെ സേവനത്തിന് ഒരു സമ്മാനമോ ശമ്പളമോ പ്രതീക്ഷിക്കാതെ, അവരെ സൗജന്യമായി സേവിക്കുന്നു. കർത്താവ് എല്ലാം ഞങ്ങൾക്ക് സൗജന്യമായി നൽകിയതുകൊണ്ട് ഞങ്ങളും മറ്റുള്ളവർക്ക് എല്ലാം സൗജന്യമായി നൽകുന്നു. ഒരു യഥാർത്ഥ ദൈവദാസൻറെ മാന്യത അതാണ്.